488/est/19

"ഭരണഭാഷ — മാതൃഭാഷ"

# അടിയന്തിരം

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി3-4620/2012/സിഇ/തസ്വഭവ തീയതി: 26.04.2019

## പരിപത്രം

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - റോഡ് നിർമ്മാണത്തിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗം - മോണിറ്ററിംഗ് ചെയ്യുന്നതിന് കമ്മിറ്റി രൂപീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സർക്കാരിൽ നിന്നുള്ള നിർദ്ദേശം
2) ഈ കാര്യാലയത്തിലെ ഇതേ നമ്പർ സർക്കുലറുകൾ, തീയതി. 22.02.2018 & 19.02.2019

മേൽ സൂചനകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ **20% പ്രവൃത്തികളിൽ** ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിച്ച് റോഡ് ടാറിംഗ് ചെയ്ത് നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശമുള്ളതാണ്. ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പ്രോജക്ടുകൾ ടി പദ്ധതിയെ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. ഇതിനായി റോഡ് ടാർ ചെയ്യുമ്പോൾ നടപ്പ് സാമ്പത്തിക വർഷം **500.00 ടൺ** ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉപയോഗിക്കണമെന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനും, ടാറിംഗ് പ്രവൃത്തികൾക്ക് clean ആയിട്ടുള്ള shredded plastic - ന്റെ ലഭ്യത യഥാസമയം ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ടി കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടവർ

**ചെയർമാൻ** - **ജില്ലാപഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ**

**കൺവീനർ** - **എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം**

അംഗങ്ങൾ - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), Pollution Control Board - ന്റെ പ്രതിനിധി, Clean Kerala Company - യുടെ പ്രതിനിധി, എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്ഷണിക്കുന്ന പ്രത്യേക ക്ഷണിതാവ് (ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുനിസിപ്പാലിറ്റിയിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവി, കോർപ്പറേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / എക്സിക്യൂട്ടീവ് എഞ്ചിനീയർ)

(മറുപുറം)

## ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

ടി കമ്മിറ്റി എല്ലാ മാസവും കൂടേണ്ടതാണ്, എല്ലാ ടൈപ്പ് പ്ലാസ്റ്റിക്കുകളും റോഡ് ടാറിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കുകയില്ല. അംഗീകൃത സ്പെസിഫിക്കേഷനും, ഗ്രേഡും, വൃത്തിയായിട്ടുള്ളതുമായ പ്ലാസ്റ്റിക്കുകൾ മാത്രമേ റോഡ് ടാറിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ടി കമ്മിറ്റി പ്ലാസ്റ്റിക് - ന്റെ ഉപയോഗം സംബന്ധിച്ചുള്ള പുരോഗതി വിലയിരുത്തുന്നതോടൊപ്പം മേൽ പ്രതിപാദിച്ച രീതിയിലുള്ള പ്ലാസ്റ്റിക് ലഭ്യമാകുന്നുണ്ടെന്നതും ഉറപ്പുവരുത്തേണ്ടതും, കൺവീനർ ഇത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ഉത്തര / ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖാന്തിരം ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്.

## പദ്ധതി മോണിറ്ററിംഗ് ഘട്ടങ്ങൾ

എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി ലഭ്യമാക്കൽ, ടെണ്ടറിംഗ്, പ്രവൃത്തി നടപ്പാക്കൽ എന്നീ ഘട്ടങ്ങളിൽ shredded plastic ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മേൽ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് ഉത്തര / ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

ടി കമ്മിറ്റി അടിയന്തിരമായി രൂപീകരിച്ച് 29.04.2019-ാം തീയതി 2.00 മണിയ്ക്ക് മുൻപായി വിശദാംശങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

**ചീഫ് എഞ്ചിനീയർ**

എസ്.എ/'